തുഞ്ചത്തെഴുത്തച്ഛൻ

# മലയാളസർവകലാശാല

## എം. എ. പ്രവേശന പരീക്ഷ - 2023

# താരതമ്യവിവർത്തനപഠനം

കോഴ്സ് കോഡ് **MUE23TR - 11**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കുക.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കുക.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കുക, പരീക്ഷ എഴുത്തിൽ മറ്റുള്ളവരെ സഹായിക്കുക, നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുക തുടങ്ങിയുള്ള എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. റോൾനമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉത്തരക്കടലാസിൽ ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷ എഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

**സമയം: 1 മണിക്കൂർ** **മാർക്ക് 50**

I. **താഴെകൊടുത്തിരിക്കുന്ന പദങ്ങൾക്ക് തത്തുല്യമായ ഇംഗ്ലീഷ് പദങ്ങൾ നിർദേശിക്കുക.** **(01 x 5= 05)**

1. പ്രതിനിധാനം
2. രീതിശാസ്ത്രം
3. പൊതുഇടം
4. ഉപമ
5. ആത്മകഥ

II. **താഴെകൊടുത്തിരിക്കുന്ന പദങ്ങൾക്ക് തത്തുല്യമായ മലയാള പദങ്ങൾ നിർദേശിക്കുക.** **(01 x 5= 05)**

1. Orality
2. Modernity
3. Interdisciplinarity
4. Identity
5. Imperialism

III. **താഴെത്തരുന്ന ചോദ്യങ്ങൾക്ക് ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക** **(01 x 05= 05)**

1. അരുന്ധതി റോയിയുടെ God of small things എന്ന നോവലിന് പ്രിയ എ.എസ്. തയ്യാറാക്കിയ വിവർത്തനത്തിന്റെ പേരെന്ത് ?
2. ധ്വന്യാലോകം എഴുതിയതാര്?
3. ഒരു സാഹിത്യരൂപത്തെ മറ്റൊരു സാഹിത്യരൂപമായോ കലാരൂപമായോ പരിവർത്തിപ്പിക്കുന്നതിനെ ...................... എന്നു പറയുന്നു.
4. 'ഈഡിപ്പസ് കോംപ്ലക്സ്' എന്ന ആശയം അവതരിപ്പിച്ചതാര്?
5. "Three hundred Ramayana's: Five Examples and three thoughts on Translation" എന്ന പ്രബന്ധം ആരുടേതാണ്?
6. വിവർത്തനത്തെക്കുറിച്ചുള്ള ചർച്ചയിൽ നിരന്തരം ഉദ്ധരിക്കപ്പെടുന്ന ബൈബിൾ കഥ ഏത്?
7. അക്കർമാശി എഴുതിയതാര്?
8. സംഘസാഹിത്യത്തിൽ യുദ്ധവർണ്ണന കടന്നുവരുന്ന കവിതകൾക്ക് പൊതുവിൽ പറയുന്ന പേരെന്ത്?
9. 'മാതംഗി' നായികയായി വരുന്ന കുമാരനാശാന്റെ ഖണ്ഡകാവ്യം ഏത്?
10. ഉപനിഷത്തുകളെ പേർഷ്യൻ ഭാഷയിലേക്ക് തർജ്ജമചെയ്ത മുഗൾ രാജകുമാരനാര്?

IV. ചേരുംപടി ചേർക്കുക (01 x 5= 05)

| | A | | B |
|---|---|---|---|
| 1. | കുപ്പുവച്ചൻ | A | സാറാജോസഫ് |
| 2. | മഞ്ഞ് | B | ഉറൂബ് |
| 3. | ഒതപ്പ് | C | ഖസാക്കിന്റെ ഇതിഹാസം |
| 4. | അപ്പുണ്ണി | D | എം.ടി.വാസുദേവൻനായർ |
| 5. | സുന്ദരികളും സുന്ദരന്മാരും | E | നാലുകെട്ട് |
| | | F | മുത്തശ്ശി |

V. താഴെത്തരുന്നവയിൽനിന്ന് ഒരു ഖണ്ഡിക തെരഞ്ഞെടുത്ത് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക (01 x 10= 10)

a) ഇന്ത്യയിലെ ആദ്യത്തെ ആധുനികമനുഷ്യരുടെ ജീവിതം കഴിയുന്നത്ര അടുത്തുകാണണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടോ? അതിന് ഏറ്റവും യോജിച്ച സ്ഥലങ്ങളിലൊന്ന് മധ്യപ്രദേശിന്റെ തലസ്ഥാനമായ ഭോപ്പാലിൽനിന്ന് ഏകദേശം നാല്പത്തഞ്ചു കിലോമീറ്റർ അകലെ റായ്സൻ ജില്ലയിലുള്ള ഭീംബേദ്ക്കയാണ്. ഏഴു മലകളിലായി പരന്നുകിടക്കുന്ന അതിമനോഹരമായ ഒരു ഭൂവിഭാഗമാണിത്. തലയെടുപ്പിലും ഗാംഭീര്യത്തിലും ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഏതു മനുഷ്യനിർമ്മിതഭവനത്തേയും വെല്ലുന്ന പ്രകൃതിദത്തമായ പാറയിടുക്കുകളും ഗുഹകളും ഇവിടെ ധാരാളമായുണ്ട്.

OR

b) സിനിമയുടെ ശബ്ദം വർദ്ധിച്ചു വരികയാണ്. കറുത്തവേഷം ധരിച്ച ഒരു ബാൻഡ്സംഘം കോപം കലർന്ന ഒരു ഗാനം ഉയർത്തുന്നു. അവരുടെ മുമ്പിൽ വെള്ളക്കുപ്പായമിട്ടു നിൽക്കുന്ന പാട്ടുകാരൻ, ഭ്രാന്തുപിടിച്ചവന്റെ ചേഷ്ടകൾ പ്രദർശിപ്പിക്കുന്നു. കാണികൾ ഇളകുന്നില്ല.അവരെ ആ സുന്ദരനായ നടൻ വശീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഞാൻ ഒരു ചുളിഞ്ഞ കൈലേസെടുത്തു മുഖം തുടച്ചു എഴുന്നേറ്റു.

VI. താഴെത്തരുന്നവയിൽനിന്ന് ഒരു ഖണ്ഡിക തെരഞ്ഞെടുത്ത് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക (01 x 05= 05)

a) The art of story narration existed in all part of Medieval India. Harikatha is a composite art form which includes thematic stories, narration, histrionics, music, dance, and philosophical doctrines. A study of this art form reveals that Harikatha is one of the greatest one-man theatres, which provides ample scope for an artist. The artist, depicts the various characters in their different moods, without the aid of any make-up or scenic design.

OR

b) *I've no followers to dispense*
*Stories of my holiness.*
*I'm no lord of a hermitage,*
*No habit of holding on to land.*
*I don't keep a shop*
*For idol worshippers to stop.*

**VII. താഴെ തരുന്നവയിൽനിന്ന് ഏതെങ്കിലും മൂന്നെണ്ണത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക** **(03x05= 15)**

1. മലയാളത്തിൽ നിങ്ങളെ ഏറ്റവുമധികം ആകർഷിച്ച ഏതെങ്കിലും ഒരു നോവലിനെക്കുറിച്ച് ഉപന്യസിക്കുക.
2. ''സാഹിത്യചരിത്രം ഒരു ഭാഷയിലെ സാഹിത്യത്തിന്റെ വികാസ പരിണാമങ്ങളെക്കുറിച്ചുള്ള വസ്തുനിഷ്ഠ വിവരങ്ങളാണ് നൽകുന്നത്." -ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.
3. ദളിത് സാഹിത്യത്തെ മുൻനിർത്തി ഒരു കുറിപ്പ് തയ്യാറാക്കുക.
4. "ആത്മകഥ എന്ന സാഹിത്യരൂപത്തിന് സമകാല ഇന്ത്യൻ പശ്ചാത്തലത്തിൽ സവിശേഷ പ്രാധാന്യമുണ്ട്." -വിശദീകരിക്കുക.
5. മലയാളത്തിലെ പഴഞ്ചൊല്ലുകളെ മുൻനിർത്തി ഒരു സാംസ്കാരികവിമർശനം തയ്യാറാക്കുക.
6. ഏതെങ്കിലും ഒരു സിനിമയെ മുൻനിർത്തി സിനിമാനിരൂപണത്തിന്റെ മാതൃക തയ്യാറാക്കുക.

-- -- --